ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:18.11.2024**

## പ്രധാനവാർത്തകൾ

1.) ബ്രസീലിൽ നടക്കുന്ന ജി-20 ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി വിവിധ ആഗോള വിഷയങ്ങളിലെ ഇന്ത്യയുടെ നിലപാടുകൾ അവതരിപ്പിക്കും.

2.) സംഘർഷ സാഹചര്യം തുടരുന്ന മണിപ്പൂരിലെ സുരക്ഷാ സ്ഥിതിഗതികൾ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ നേതൃത്വത്തിൽ ചേർന്ന ഉന്നതതല യോഗം വിലയിരുത്തി.

3.) നിയമസഭാ ഉപതെരഞ്ഞെടുപ്പ് നടക്കുന്ന പാലക്കാട് മണ്ഡലത്തിൽ കൊട്ടിക്കലാശം ആവേശമാക്കി മുന്നണികൾ.

4.) സംരംഭകരുടെയും നിക്ഷേപകരുടെയും നിർദ്ദേശങ്ങളും പരാതികളും പരിഗണിക്കാൻ സംസ്ഥാന സർക്കാർ സന്നദ്ധമാണെന്ന് മന്ത്രി പി. രാജീവ്.

5.) സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവത്തിൽ മലപ്പുറം ജില്ലയ്ക്ക് കിരീടം; കണ്ണൂർ രണ്ടാം സ്ഥാനവും കോഴിക്കോട് മൂന്നാം സ്ഥാനവും നേടി.

*****************

RNU TVPM

## പ്രധാനമന്ത്രി - ജി 20

ബ്രസീലിലെ റിയോ ഡി ജനേറോയിൽ നടക്കുന്ന ജി-20 ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പങ്കെടുക്കും. ജി-20 ഉച്ചകോടിയിൽ, വിവിധ ആഗോള വിഷയങ്ങളിൽ ഇന്ത്യയുടെ നിലപാടുകൾ പ്രധാനമന്ത്രി അവതരിപ്പിക്കും. ഉച്ചകോടിയിൽ പങ്കെടുക്കാൻ എത്തുന്ന രാഷ്ട്രതലവൻമാരുമായും ശ്രീ മോദി കൂടികാഴ്ച നടത്തും. ഇന്നും നാളെയുമായി നടക്കുന്ന ഉച്ചകോടിയിൽ യു.എസ് പ്രസിഡൻറ് ജോ ബൈഡൻ, ചൈനീസ് പ്രസിഡൻറ്
ഷി ജിൻ പിംഗ് തുടങ്ങിയവരും പങ്കെടുക്കുന്നുണ്ട്. നൈജീരിയൻ സന്ദർശനം പൂർത്തിയാക്കി ബ്രസീലിൽ എത്തിയ പ്രധാനമന്ത്രി ത്രിരാഷ്ട്ര സന്ദർശനത്തിൻറെ അവസാന പാദത്തിൽ ഗയാനയിലെത്തും.

*****************

RNU TVPM

## അമിത് ഷാ - മണിപ്പൂർ

മണിപ്പൂരിലെ സംഘർഷ സാഹചര്യം കണക്കിലെടുത്ത് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് ന്യൂഡൽഹിയിൽ ഉന്നതതല യോഗം വിളിച്ചു ചേർത്തു. മണിപ്പൂരിലെ സുരക്ഷാ സ്ഥിതിഗതികൾ യോഗം വിലയിരുത്തി. മണിപ്പൂരിലേക്ക് കേന്ദ്ര സായുധ പോലീസ് സേനയുടെ 50 കമ്പനികളെ കൂടി വിന്യസിക്കാൻ തീരുമാനമായി.

*****************

## ഝാർഖണ്ഡ് മഹാരാഷ്ട്ര തിരഞ്ഞെടുപ്പ്

നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന മഹാരാഷ്ട്രയിലും ഝാർഖണ്ഡിലും പരസ്യ പ്രചരണത്തിനുള്ള സമയം അവസാനിച്ചു. 288 സീറ്റുകളുള്ള മഹാരാഷ്ട്രയിൽ ബുധനാഴ്ച ഒറ്റഘട്ടമായി വോട്ടെടുപ്പ് നടക്കും. ഝാർഖണ്ഡിൽ തിരഞ്ഞെടുപ്പിന്റെ രണ്ടാംഘട്ടമാണ് ബുധനാഴ്ച നടക്കുന്നത്. ഈ മാസം 23 നാണ് വോട്ടെണ്ണൽ.

*****************

## പാലക്കാട് കൊട്ടിക്കലാശം ( ഇൻട്രോ )

നിയമസഭാ ഉപതെരഞ്ഞെടുപ്പ് നടക്കുന്ന പാലക്കാട് മണ്ഡലത്തിലും പരസ്യ പ്രചാരണം അവസാനിച്ചു. ആവേശകരമായ കൊട്ടിക്കലാശത്തിനാണ് ഇന്ന് പാലക്കാട് സാക്ഷിയായത്. ബുധനാഴ്ചയാണ് വോട്ടെടുപ്പ്.

*****************

## ആയുർവേദ കോൺക്ലേവ് - പി രാജീവ് ( ഇൻട്രോ )

ആയുർവേദ വ്യവസായ രംഗത്തെ പ്രമുഖ കമ്പനികളും നിക്ഷേപകരും പങ്കെടുക്കുന്ന ആയുർവേദ വ്യവസായ മേഖലാതല സമ്മേളനം മന്ത്രി പി രാജീവ് കൊച്ചിയിൽ ഉദ്ഘാടനം ചെയ്തു. അടുത്ത വർഷം ഫെബ്രുവരിയിൽ സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന ഇൻവെസ്റ്റ് കേരള ആഗോള ഉച്ചകോടിക്ക് മുന്നോടിയായാണ് യോഗങ്ങൾ സംഘടിപ്പിക്കുന്നത്. സംരംഭകരുടെയും നിക്ഷേപകരുടെയും നിർദ്ദേശങ്ങളും പരാതികളും പരിഗണിക്കാൻ സർക്കാർ എന്നും സന്നദ്ധമാണെന്ന് മന്ത്രി പറഞ്ഞു.

( വോയിസ് )

RNU TVPM

*****************

## മുനമ്പം ഭൂമി - മന്ത്രി പി രാജീവ്

മുനമ്പം ഭൂമി പ്രശ്നത്തിൽ റീ സർവ്വേ നടത്താൻ സർക്കാർ നീക്കമെന്ന റിപ്പോർട്ട് തള്ളി മന്ത്രി പി രാജീവ്. വിഷയത്തിൽ ശാശ്വത പരിഹാരത്തിനാണ് സർക്കാർ ശ്രമിക്കുന്നതെന്നും ഉന്നത തല യോഗത്തിന് ശേഷം തീരുമാനമുണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു. പ്രശ്നത്തിന്റെ നിയമ വശങ്ങൾ പരിശോധിക്കുമെന്നും ജനത കുടിയിറക്കപ്പെടാൻ പാടില്ലെന്നും മന്ത്രി വ്യക്തമാക്കി.

*****************

## മുനമ്പം വിഷയം

മുനമ്പം വിഷയത്തിൽ മുസ്ലിം ലീഗ് നേതാക്കൾ ഇന്ന് ആർച്ച് ബിഷപ്പ് ജോസഫ് കളത്തിൽ പറമ്പിൽ, മറ്റു മെത്രാന്മാർ എന്നിവരുമായി കൊച്ചിയിൽ ചർച്ച നടത്തി. വിഷയം രമ്യമായി പരിഹരിക്കാൻ കഴിയുമെന്നും സർക്കാർ മുൻകൈയെടുക്കണമെന്നും ചർച്ചകൾക്ക് ശേഷം മുസ്ലിം ലീഗ് നേതാവ് പി കെ കുഞ്ഞാലിക്കുട്ടി പറഞ്ഞു. മുനമ്പത്തേത് മാനുഷിക പ്രശ്നമാണെന്നും, മതത്തിൻറെ പ്രശ്നമായി കാണരുതെന്നും വരാപ്പുഴ ആർച്ച് ബിഷപ്പ് അഭ്യർത്ഥിച്ചു.

*****************

## സ്കൂൾ ശാസ്ത്രോത്സവം

സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവത്തിൽ മലപ്പുറം ജില്ലയ്ക്ക് കിരീടം. 1450 പോയിൻറ് നേടിയാണ് മലപ്പുറം ജേതാക്കളായത്. 1412 പോയിന്റുമായി കണ്ണൂർ ജില്ല രണ്ടാംസ്ഥാനവും 1353 പോയിന്റുമായി കോഴിക്കോട് ജില്ല മൂന്നാം സ്ഥാനവും നേടി. സമാപന സമ്മേളനം മന്ത്രി സജി ചെറിയാൻ ഉദ്ഘാടനം ചെയ്തു. മന്ത്രി P പ്രസാദ് ചടങ്ങിൽ അധ്യക്ഷനായി.

RNU TVPM

*****************

## മന്ത്രി ആർ ബിന്ദു

കുറ്റവാളികളുടെ മാനസിക പരിവർത്തനത്തിനും സാമൂഹിക പുനരധിവാസത്തിനും പ്രൊബേഷൻ സംവിധാനം ഫലപ്രദമെന്ന് മന്ത്രി ആർ ബിന്ദു. കേരള ലോ അക്കാദമി ഹാളിൽ സംഘടിപ്പിച്ച സംസ്ഥാനതല പ്രൊബേഷൻദിന പരിപാടി ഓൺലൈനായി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. കുറ്റകൃത്യങ്ങൾ ആവർത്തിക്കാതിരിക്കാനും ജയിലുകളിൽ തടവുകാരുടെ എണ്ണം കൂടുന്നത് ഒഴിവാക്കാനും പ്രൊബേഷൻ നിയമം വഴി സാധിക്കുമെന്ന് ശ്രീമതി ബിന്ദു പറഞ്ഞു. നല്ല നടപ്പ് സംവിധാനത്തെക്കുറിച്ചും കുറ്റവാളികളുടെ മാനസിക

പരിവർത്തനവും പുനരധിവാസവും സംബന്ധിച്ചും അവബോധം സൃഷ്ടിക്കുകയാണ് പ്രൊബേഷൻ ദിനാചരണത്തിന്റെ ലക്ഷ്യം.

*****************

## <u>ലോക പൈതൃക വാരാഘോഷം</u>

ലോക പൈതൃക വാരാഘോഷത്തിന് നാളെ തുടക്കം. സംസ്ഥാന തല ഉദ്ഘാടനം നാളെ രാവിലെ കണ്ണൂർ പയ്യാമ്പലത്ത് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി നിർവഹിക്കും. നാളെയും മറ്റന്നാളും കണ്ണൂർ കൈത്തറി മ്യൂസിയത്തിൽ, 1924- ൽ ലണ്ടനിലെ വെംബ്ലി എക്സിബിഷനിൽ പ്രദർശിപ്പിച്ച പരമ്പരാഗത തുണിത്തരങ്ങളുടെ പ്രത്യേക പ്രദർശനം ഉണ്ടാവും. 25-വരെയാണ് വാരാഘോഷം.

*****************

## <u>സൗജന്യ വൈഫൈ ലഭിക്കും-ഇടുക്കി (ഇൻട്രോ)</u>

ഇടുക്കി ജില്ലയിലെ 79 ഇടങ്ങളിൽ ഇനി മുതൽ സൗജന്യ വൈഫൈ ലഭിക്കും. ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ, പ്രധാനപ്പെട്ട സർക്കാർ ഓഫീസുകൾ തുടങ്ങിയ ഇടങ്ങളിലാണ് സൗജന്യ വൈഫൈ സജ്ജമാക്കിയിട്ടുള്ളത്.

വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.......

(വോയിസ്)

RNU TVPM

*****************

## <u>സൂപ്പർ ലീഗ് കേരള</u>

സൂപ്പർ ലീഗ് കേരള മാധ്യമ അവാർഡുകൾക്ക് അപേക്ഷ ക്ഷണിച്ചു. ഈ മാസം 25 വരെ അപേക്ഷകൾ നൽകാവുന്നതാണ്. സൂപ്പർ ലീഗ് കേരള നിശ്ചയിച്ച ജൂറിയാണ് അവാർഡ് ജേതാക്കളെ തിരഞ്ഞെടുക്കുക.

*****************

## <u>ഉത്തര മേഖല സ്പോർട്സ് മീറ്റ്</u>

ജയിൽ ജീവനക്കാരുടെ രണ്ടാമത് ഉത്തര മേഖല സ്പോർട്സ് മീറ്റ് ഈ മാസം 21 ന് കണ്ണൂരിൽ ആരംഭിക്കും. പാലക്കാട് മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിലെ 500 ഓളം ജീവനക്കാർ പങ്കെടുക്കും. മേളയുടെ ഭാഗ്യ ചിഹ്നം അഭിനേത്രി

നിഖില വിമൽ പ്രകാശനം ചെയ്യു. മീറ്റിന്റെ ഭാഗമായുള്ള ദീപ ശിഖ പ്രയാണം മറ്റന്നാൾ വൈകുന്നേരം 4 മണിക്ക് ജയിൽ നോർത്ത് സോൺ DIG ബി സുനിൽകുമാർ ഉദ്ഘാടനം ചെയ്യും.

*****************

## നഴ്സിംഗ് വിദ്യാർത്ഥിയുടെ മരണം

പത്തനംതിട്ടയിലെ നഴ്സിംഗ് വിദ്യാർത്ഥിയുടെ മരണത്തിൽ അന്വേഷണത്തിന് ആരോഗ്യ സർവകലാശാലയ്ക്ക് നിർദ്ദേശം നൽകി ആരോഗ്യ മന്ത്രി വീണാ ജോർജ്. സ്വകാര്യ വനിതാ ഹോസ്റ്റലിന്റെ മുകളിൽ നിന്ന് നഴ്സിംഗ് വിദ്യാർത്ഥി വീണു മരിച്ച സംഭവത്തിലാണ് അന്വേഷണം.

*****************

## സംസ്ഥാനം - മഴ

സംസ്ഥാനത്ത് അടുത്ത മൂന്ന് ദിവസം ഇടിമിന്നലോട് കൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിരുന്നു. മോശം കാലാവസ്ഥയ്ക്ക് സാധ്യതയുള്ളതിനാൽ ലക്ഷദ്വീപ് തീരത്ത് ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

RNUTVPM

*****************

## ഡൽഹി - വായുമലിനീകരണം

വായുമലിനീകരണം രൂക്ഷമായ ഡൽഹിയിൽ പുകമഞ്ഞിനെ തുടർന്ന് ട്രെയിൻ - വിമാന സർവീസുകൾ തടസ്സപ്പെട്ടു. യാത്രക്കാർ വിമാനക്കമ്പനികളുമായി ബന്ധപ്പെട്ട് ക്രമീകരണങ്ങൾ പരിശോധിക്കണമെന്ന് ഡൽഹി വിമാനത്താവള അതോറിറ്റി അഭ്യർത്ഥിച്ചു. അതേസമയം വായു ഗുണനിലവാര സൂചിക 450ൽ താഴെ ആയാലും ഗ്രാപ്-4 ഉൾപ്പടെയുള്ള നിയന്ത്രണങ്ങൾ തുടരണമെന്ന് സുപ്രീം കോടതി ഡൽഹി സർക്കാരിനോട് നിർദ്ദേശിച്ചു.

*****************

## ഓഹരി/സ്വർണം

രാജ്യത്ത് ഓഹരി വിപണികളിൽ ഇന്ന് നഷ്ടം. ബോംബേ ഓഹരി സൂചിക സെൻസെക്സ് 241 പോയിൻറ് ഇടിഞ്ഞ് 77,339 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 79 പോയിൻ്റ് നഷ്ടത്തിൽ 23,454 ലുമാണ് വ്യാപാരം അവസാനിപ്പിച്ചത്.
സ്വർണവില കൂടി. ഗ്രാമിന് 60 രൂപ വർധിച്ച് 6,995 രൂപയും, പവന് 55,960 രൂപയുമാണ് ഇന്നത്തെ വില.

*****************

## ശബരിമല

തീർഥാടകരുടെ സുരക്ഷയ്ക്കായി ശബരിമല സന്നിധാനത്തുൾപ്പടെ പ്രത്യേക പോലീസ് സ്ക്വാഡിനെ നിയോഗിച്ചു. മൊബൈൽ ഫോണുകൾ നഷ്ടപ്പെടുകയോ മോഷ്ടിക്കപ്പെടുകയോ ചെയ്താൽ അറിയിക്കണമെന്ന് ശബരിമല സന്നിധാനം പോലീസ് സ്പെഷ്യൽ ഓഫീസർ നിർദ്ദേശിച്ചു. പതിനെട്ടാംപടിയിലെ ഡ്യൂട്ടിയിൽ വരുത്തിയ മാറ്റങ്ങൾ ഏറെ ഗുണം ചെയ്തതായി അദ്ദേഹം പറഞ്ഞു. അതേസമയം, തീർത്ഥാടനം പൂർണവിജയമാക്കാൻ എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ച് മുന്നോട്ടു പോകുമെന്ന് ശബരിമല എ.ഡി.എം വ്യക്തമാക്കി.

*****************

***********

*******

RNUTVPM